# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

സെൽഫ് ഫിനാൻസിംഗ്/സ്വാശ്രയ മേഖലയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - കോഴ്സുകളുടെ നിർത്തിവയ്ക്കൽ/പുനരാരംഭിക്കൽ - അനുവാദം നൽകുന്നതു സംബന്ധിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ7 വിഭാഗം

ഉത്തരവ് നം.2881 B/1/17/എസി.എVII. തീയതി,പി.ഡി.ഹിൽസ്,17.05.2017

---

പരാമർശം:- 1. കോഴ്സുകളുടെ നിർത്തിവയ്ക്കൽ/ പുനരാരംഭിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് വിവിധ കോളേജുകളുടെ പ്രിൻസിപ്പൽ/മാനേജ്മെന്റിൽ നിന്നുള്ള അപേക്ഷകൾ.

2. 27.03.2017 ഉം 01.04.2017 ഉം തീയതികളിലെ ഐറ്റം നമ്പർ 67/17.03/161782 പ്രകാരമുള്ള സിൻഡിക്കേറ്റ് യോഗതീരുമാനങ്ങൾ.

## <u>ഉത്തരവ്</u>

ഒരു കോളേജിന്, അതിനനുവദിച്ചിരിക്കുന്ന ഏതെങ്കിലും കോഴ്സ് ഒരു വർഷത്തിൽ കൂടാത്ത സമയത്തേക്ക് നിർത്തി വയ്ക്കാവുന്നതാണ്. എം.ജി.യു.സ്റ്റാച്യൂട്ട് 1997 അദ്ധ്യായം 23 വകുപ്പ് 15 പ്രകാരം ഇക്കാര്യം സിൻഡിക്കേറ്റിന്റെ അനുവാദത്തോടെ നടത്തേണ്ടതും, ഈ ഒരു വർഷകാലാവധിയുടെ അവസാനം സിൻഡിക്കേറ്റിനെ അറിയിച്ചുകൊണ്ട് പുനരാരംഭിക്കേണ്ടതുമാണ്. കോളേജിന് അനുവദിച്ചിട്ടുള്ള ഒരു കോഴ്സും സിൻഡിക്കേറ്റിന്റെ അനുവാദമില്ലാതെ നിർത്തലാക്കുവാൻ പാടില്ലാത്തതുമാകുന്നു.

ഈ നിബന്ധന അനുസരിച്ച് കോഴ്സുകളുടെ താൽകാലികവും സ്ഥിരവുമായ നിറുത്തിവയക്കൽ, പുനരാരംഭിക്കൽ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ സർവ്വകലാശാലയിൽ പരാമർശം (1) പ്രകാരം ലഭിച്ചിരുന്നു.

താൽക്കാലികമായി (ഒരു വർഷത്തേക്ക് മാത്രം) നിർത്തലാക്കുന്ന കോഴ്സുകളുടെ വിവരങ്ങൾ.

| നം | കോളേജ് | താൽക്കാലികമായി നിർത്തുവാൻ ആവശ്യപ്പെട്ട കോഴ്സ് | വർഷം (നിറുത്തൽ) | വർഷം (പുനരാരംഭിക്കൽ) |
|---|---|---|---|---|
| 1 | സി.ഇ.റ്റി കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി, ഐരാപുരം | എം.എ.ഇംഗ്ലീഷ് | 2015-16 | 2016-17 |
| 2 | SNGIST ആർട്സ് ആൻഡ് സയൻസ് കോളേജ്, മനക്കപ്പടി,നോർത്ത് പറവൂർ | എം.എസ്.സി.ബയോ ഇൻഫോർമാറ്റിക്സ് | 2015-16 | --------- |
| 3 | ശ്രീനാരായണഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, മെഴുവേലി, പത്തനംതിട്ട. | ബി.എ.സോഷ്യോളജി | 2015-16 | 2016-17 |
| 4 | ഗിരിദീപം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ലേണിംഗ് | ബി.കോം. മോഡൽ -II (കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്) | 2016-17 | ---------- |

സ്ഥിരമായി നിർത്തലാക്കുന്ന കോഴ്സുകളുടെ വിവരങ്ങൾ.

| നമ്പർ | കോളേജ് | നിർത്തി വയ്ക്കേണ്ട കോഴ്സുകൾ | വർഷം |
|---|---|---|---|
| 1 | എം.ഇ.എസ്,.കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ഇടത്തല | M.Li.Sc. | 2015-16 |
| 2 | ബിഷപ്പ് വയലിൽ മെമ്മോറിയൽ ഹോളിക്രോസ് കോളേജ്, ചേർപ്പുങ്കൽ. | BTS | 2016-17 |
| 3 | പി.ജി.രാധാകൃഷ്ണൻ മെമ്മോറിയൽ ശ്രീനാരായണ കോളേജ് | MTA (മാസ്റ്റർ ഓഫ് ടൂറിസം അഡ്മിനിസ്ട്രേഷൻ) | 2016-17 |
| 4 | ജയ്ഭാരത് ആർട്സ് ആൻഡ് സയൻസ് കോളേജ്, വെങ്ങോല, പെരുമ്പാവൂർ | MHRM | 2016-17 |
| 5 | മാർ ഇവാനിയോസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് (MICFAST), ചെങ്ങരൂർ, മല്ലപ്പള്ളി. | B.Sc. (ക്ലിനിക്കൽ ന്യൂട്രീഷൻ & ഡയറ്ററ്റിക്സ്)<br>BCA | 2016-17 |
| 6 | SNGIST<br>ആർട്സ് ആൻഡ് സയൻസ് കോളേജ്, മനക്കപ്പടി, നോ.പറവൂർ | M.Sc. (ബയോഇൻഫൊർമാറ്റിക്സ്) | 2016-17 |

പുനരാരംഭിക്കുന്ന കോഴ്സുകളുടെ വിവരങ്ങൾ

| നം. | കോളേജ് | കോഴ്സ് | പുനരാരംഭിക്കുന്ന വർഷം |
|---|---|---|---|
| 1 | മാർ ഇവാനിയോസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് (MICFAST), ചെങ്ങരൂർ, മല്ലപ്പള്ളി | ബി.എ. (ഇംഗ്ലീഷ് ലാംഗ്വേജ് &ലിറ്ററേച്ചർ) മോഡൽ- I | 2016-17 |

മുകളിൽ പറഞ്ഞിരിക്കുന്ന കോഴ്സുകൾ താൽക്കാലികമായും/സ്ഥിരമായും അതാതിടത്ത് കാണിച്ചിരിക്കുന്നതനുസരിച്ച് നിറുത്താനും വീണ്ടും തുടങ്ങുന്നതിനുമുള്ള അനുവാദം സിൻഡിക്കേറ്റ്, പരാമർശം (2) പ്രകാരം നൽകിയിരിക്കുന്നു.

താൽക്കാലികമായി നിറുത്തിയിരിക്കുന്ന കോഴ്സുകൾ മുകളിൽ കാണിച്ചിരിക്കുന്നതുപോലെ വീണ്ടും ആരംഭിച്ചില്ലെങ്കിൽ, അത് സ്ഥിരമായി നിർത്തലാക്കിയതായി സ്റ്റാച്യൂട്ട് 23(15) പ്രകാരം കണക്കാക്കുന്നതാണ്.

തദനുസരണം ഉത്തരവായിരിക്കുന്നു,

ഒപ്പ്
രമേഷ് രാഘവൻ
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1) ബന്ധപ്പെട്ട കോളേജുകളുടെ പ്രിൻസിപ്പൽമാർക്ക്
2) വി.സി./പി.വി.സി. എന്നിവരുടെ പി.എസ്.
3) രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പി.എ.
4) ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/എക്സാം)
5) റ്റാബുലേഷൻ സെക്ഷൻ
6) യു.ജി./പി.ജി. ക്യാപ്സെൽ
7)എസി.സി./എസി.എ8/എസി.ബി.6
8) പി.ആർ.ഒ./സി.എം.എസ്.
9)എസ്.എഫ്/എഫ്.സി./റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ.4003/1/16/എസി.എ7